ഹൈവേയിലെ എല്ലാ പാലങ്ങളുടെയും ഉറപ്പ് പരിശോധിക്കുകയും, റിപ്പോർട്ട് കേന്ദ്ര ഉപരിതല വകുപ്പിന് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നടപടി കാലാകാലങ്ങളിൽ കൈക്കൊണ്ടുവരുന്നുണ്ട്.

(സി) ദേശീയപാതയിൽ ആവശ്യമായ സ്ഥലങ്ങളിൽ പുതിയ പാലങ്ങൾ നിർമ്മിക്കാനുള്ള നടപടി എടുത്തിട്ടുണ്ട്.

(ഡി)&(ഇ) പാലങ്ങളുടെ ബലക്ഷയം കാലാകാലങ്ങളിൽ പരിശോധനയ്ക്കു വിധേയമാക്കാറുണ്ട്. ദേശീയപാതകളിലെ പാലങ്ങളുടെ ബലക്ഷയം മൊബൈൽ ഇൻസ്പെക്ഷൻ യൂണിറ്റ് ഉപയോഗിച്ചു പരിശോധിച്ചുവരുന്നു. പഠന റിപ്പോർട്ട് കേന്ദ്ര ഉപരിതല വകുപ്പിന് അയച്ചുകൊടുത്തിട്ടുണ്ട്.

(എഫ്) സംസ്ഥാനത്ത് റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിനായി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന സ്ഥാപനം കമ്പനീസ് ആക്ട് 1956 പ്രകാരം 23.9.99-ൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

111 (1329) നാട്പാക്-ന്റെ പഠന റിപ്പോർട്ട്

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഏതെങ്കിലും പാതകൾ ദേശീയ ഹൈവേയായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് ദേശീയപാതകൾ കൂടുതലായി ആവശ്യമുണ്ടോയെന്ന് നാട്പാക് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) ഈ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ദേശീയ പാതകൾ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) തിരുവനന്തപുരം-കോട്ടയം-മൂവാറ്റുപുഴ-അങ്കമാലി റോഡിന്റെ വികസനത്തിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഇത് ദേശീയപാതയാക്കി ഉയർത്താനുള്ള സാദ്ധ്യതകൾ ആരാഞ്ഞിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. കൊല്ലത്തുനിന്ന് പുനലൂർ തെങ്കാശിവഴി തിരുമംഗലത്തേക്ക് പോകുന്ന റോഡ് ദേശീയപാത 208 ആയും കോഴിക്കോട് മൈസൂർ, കൊങ്കൺ റോഡ് ദേശീയപാത 212 ആയും കോഴിക്കോട് ജംഗ്ഷൻ മുതൽ പാലക്കാട് ജംഗ്ഷൻ വരെയുള്ള റോഡ് ദേശീയപാത 213 ആയും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) എം.സി. റോഡിന്റെ വികസനപ്രവർത്തനങ്ങൾക്ക് നിരവധി നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. കേശവദാസപുരം മുതൽ തട്ടത്തുമല

LIBRARY ARCHIVES Kerala Legislative Assembly

വരെയുള്ള ഭാഗം കേന്ദ്ര ഗവൺമെന്റിന്റെ ഇ ആന്റ് ഐ (E&I) പദ്ധതി യിൽപ്പെടുത്തി നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. മണ്ണന്തല മുതൽ കേശവ ദാസപുരം വരെയുള്ള ഭാഗം നാലുവരിയായി വികസിപ്പിക്കുന്നതിന് 14.75 കോടി രൂപയുടെ ഭരണാനുമതി നൽകി. ഈ റോഡിന്റെ കൊല്ലം ജില്ല യിൽപ്പെടുന്ന ഭാഗം നവീകരിക്കുന്നതിന് ഇ ആന്റ് ഐ പദ്ധതിയിൽപ്പെടു ത്താൻ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. എം.സി. റോഡ് ദേശീയപാതയായി പ്രഖ്യാപിക്കണമെന്ന് 1992-ൽ സംസ്ഥാന മുഖ്യമന്ത്രി കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നിയമസഭയുടെ 9-ാം സമ്മേ ളനം എം.സി. റോഡ് ദേശീയപാതയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള പ്രമേയം പാസാക്കുകയുണ്ടായി.

112 (1330) പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തിര മായി തീർക്കണമെന്ന് സർക്കാർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയി ട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പരവൂർ ജംഗ്ഷൻ മുതൽ തെക്കുംഭാഗം വരെയുള്ള റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കു ന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) അറ്റകുറ്റപ്പണികൾ യഥാസമയം നടത്താതിരുന്നതുമൂലമാണ് ഈ റോഡ് ഇപ്രകാരം ഗതാഗതയോഗ്യമല്ലാതായിത്തീർന്നതെന്നുള്ളത് കണ ക്കിലെടുത്ത് ഇക്കാര്യത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ;

(ഡി) റോഡ് എന്നത്തേയ്ക്ക് ഗതാഗതയോഗ്യമാക്കിത്തീർക്കാൻ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ ഈ മാസം 31-നു മുമ്പ് തീർത്ത് ഗതാഗതയോഗ്യമാക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗ സ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത റോഡിന് 121 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബഡ്ജറ്റിൽ മതിയായ വിഹിതം ലഭിച്ചശേഷം സാങ്കേതികാ നുമതി നൽകി പണി ഏറ്റെടുക്കുന്നതാണ്. ഇതിനകം 5 ലക്ഷം രൂപയുടെ താൽക്കാലിക പണികൾ അറേഞ്ച് ചെയ്തിട്ടുണ്ട്.

(സി)&(ഡി) ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തിയതിനുശേഷം ഇതിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്.

113 (1331) സ്റ്റേറ്റ് ഹൈവേ ആക്കുന്നതിന് നിർദ്ദേശം

<u>ശ്രീ. ടി.എം. ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly